ഹൈസ്കൂൾ ഹയർ സെക്കന്ററിയായി ഉയർത്തുന്നതിന് നടപടി

22 [1123] ശ്രീ. എ. സി. ഷണ്മുഖദാസ് :
ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. കെ. പി. മോഹനൻ :
,, സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2007 വിദ്യാഭ്യാസ വർഷത്തിൽ പുതുതായി ഹയർ സെക്കന്ററി സ്കൂളുകൾക്ക് അനുവാദം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) ഹൈസ്കൂൾ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തുവാനും പുതുതായി തുടങ്ങുവാനുമായി ഡിപ്പാർട്ട്മെന്റ് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച കുട്ടികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ പ്ലസ് ടു സീറ്റുകളുടെ എണ്ണം കുറവുള്ള ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പുതുതായി ഹയർ സെക്കന്ററി കോഴ്സുകൾ അനുവദിക്കുന്നതിനും നിലവിലുള്ള പ്ലസ് ടു സ്കൂളുകൾക്ക് അധിക ബാച്ചുകൾ നൽകുന്നതിനും അപേക്ഷ ക്ഷണിച്ചു കൊണ്ട് 28-1-2006-ൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് ലൈബ്രറി സൗകര്യം ലഭിക്കുന്നതിന് നടപടി

23 [1124] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിൽ നിന്ന് പ്രീഡിഗ്രി വേർപെടുത്തിയതോടെ കേരളത്തിലെ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് ലൈബ്രറി സൗകര്യം നഷ്ടപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പുതിയ പാഠ്യപദ്ധതിയിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ ലൈബ്രറി സൗകര്യം അത്യന്താപേക്ഷിതമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(സി) ഹയർ സെക്കന്ററി സ്കൂളുകളിൽ ലൈബ്രറിയും ലൈബ്രേറിയന്മാരുടെ സേവനവും ഏർപ്പെടുത്താൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly